കേരള സർക്കാർ

# തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി1-614/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753
തീയതി : 16.06.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തകഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3, 2-4 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2, 3-4, 3-9 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി1-614/17 തീയതി. 16.06.2017

# ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.11.2016 മുതൽ 20.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.05.2017 മുതൽ 30.05.2017 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജേഷ് .റ്റി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.അംബിക ഷിബു | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.എസ്.ശ്രീകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ജോമാ ബിജു | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. റോസ്മിനി മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. രഞ്ജിത്. പി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. മേരി സിൻഡ്രല | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സുജ. എം. എസ് | 01.04.2016 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. സൗമ്യ ജോസഫ് | 01.04.2016 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഗോപകുമാർ. ജി | 01.04.2016 മുതൽ 11.01.17 വരെ |
| | 12.01.2017 മുതൽ 20.01.2017 വരെ – ഒഴിവ് | |
| | ഡോ. പ്രമിത | 21.01.17 മുതൽ 21.03.17 വരെ |
| | ഡോ. ശ്രീജ | 24.03.17 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഗോഡ് വിൻ സെൽവൻ. S | 01.04.2016 മുതൽ 31.03.17 വരെ |
| വെറ്റിനറി സർജൻ | ഡോ. മേരിക്കുഞ്ഞ്. സി. കരിക്കുളം | 01.04.2016 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. നീതു. എൽ | 01.04.16 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. റെനി സെബാസ്റ്റ്യൻ | 01.04.16 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തകഴി സർക്കിൾ | ശ്രീ. സതീശൻ | 01.04.2016 മുതൽ 19.12.16 വരെ |
| | ശ്രീമതി. സെറീന | 19.12.2016 മുതൽ 14.02.17 വരെ |
| | ശ്രീ. അനീഷ്.എം.എച്ച് | 14.02.2017 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കുന്നമ്മ സർക്കിൾ | ശ്രീ. സതീശൻ (ചാർജ്) | 01.04.2016 മുതൽ 13.08.16 വരെ |
| | ശ്രീ. അജയകുമാർ കെ.വി | 14.08.16 മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. എസ്.ബി.രാജം | 01.04.2016 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| *ഭാഗം – 1* | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| *ഭാഗം – 2* | | |
| 2 | 2-1 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. - 3753/-രൂപ നഷ്ടം. |
| 3 | 2-2 | വസ്തുനികുതി അപാകതകൾ |
| 4 | 2-3 | പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 5 | 2-4 | പടഹാരംകടവ് ജങ്കാർ സർവ്വീസ് ലേലത്തുക ഈടാക്കാതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും സർവീസ് നടത്തുന്നു. |
| 6 | 2-5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| 7 | 2-6 | തൊഴിൽനികുതി - അപാകതകൾ |
| 8 | 2-7 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല |
| *ഭാഗം – 3* | | |
| 9 | 3-1 | ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു |
| 10 | 3-2 | ദീർഘനാളായി ഇടപാടില്ലാതിരുന്നതിനാൽ ജീവധാര അക്കൗണ്ടിലെ തുക നഷ്ടമായി |
| 11 | 3-3 | തനത് ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ |
| 12 | 3-4 | പത്താംതരം തുല്യത പരിപാടി - അപാകതകൾ |
| 13 | 3-5 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് വാങ്ങൽ - അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല. |
| 14 | 3-6 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 15 | 3-7 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകൾ- ടാർ വില യഥാർത്ഥ വിലയിൽ ക്രമപ്പെടുത്തിയില്ല. |
| 16 | 3-8 | ഉയർന്ന നിരക്കിൽ ഓവർ ഹെഡ് ചാർജ്ജ് അനുവദിച്ചതുമൂലം അധിക ചെലവ്. |
| 17 | 3-9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്തവരിൽ നിന്നും മൂല്യ വർദ്ധിത നികുതി ഈടാക്കിയില്ല. |
| 18 | 3-10 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ |
| 19 | 3-11 | മരുന്ന് വാങ്ങൽ പ്രോജക്റ്റ് – മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. |
| 20 | 3-12 | പാൽ അളവിന് സബ്സിഡി- പൂർണ്ണവിവരങ്ങളില്ല |
| *ഭാഗം – 4* | | |

| | | |
|---|---|---|
| 21 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4-03-2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 11519000 | 169463000 |
| വാർഷിക കണക്ക് പ്രകാരം | 38837880 (മുന്നിരിപ്പ് ഇല്ലാതെ) | 33967529 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിലുള്ള വലിയ വ്യതിയാനം പ്രകടമാണ്. ഇതിൽ നിന്നും യാഥാർത്ഥ്യ ബോധത്തോടയല്ല ബജറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. ബജറ്റ് പരമാവധി യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2016 | 10.5.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8094140 |
| വരവ് | 38837880 |
| ആകെ | 46932020 |
| ചെലവ് | 33967529 |
| നീക്കിയിരിപ്പ് | 12964491 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9933573 | 8463926 | 85.21 |
| വികസനഫണ്ട് എസ്.സി.പി. | 5305476 | 3670931 | 69.19 |
| വികസനഫണ്ട് ടി.എസ്.പി. | 48183 | 48183 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 4076595 | 2383096 | 58.46 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2856480 | 2692716 | 94.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5570858 | 4328704 | 77.70 |
| പെർഫോമൻസ് ഗ്രാന്റ് | 2917360 | 0 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 31650211 (മുന്നിരിപ്പ് 2166/- രൂപ ഉൾപ്പെടെ) | 31644881 | 93 (നീക്കിയിരിപ്പ് 5330/- രൂപ ഉൾപ്പെടെ) |
| ബി ഫണ്ട് | 150368915 | 150368915 | 100 |

# NREGS – EFMS ട്രാൻസാക്ഷൻ ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 115 | 38429118 | 61 | 24001816 | 0 | 54 | 53% |

.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 68.16% ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1554962 | 2509995 | 955033 | 61.42% |
| നികുതിയേതര വരവുകൾ | 347244 | 383250 | 36006 | 10.37% |
| മറ്റ് വരവുകൾ | 184730 | 616238 | 431508 | 233.59% |
| ആകെ | 2086936 | 3509483 | 1422547 | 68.16% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242640 | 313 |
| കർഷകതൊഴിലാളി പെൻഷൻ | 10817490 | 1248 |
| വിധവാപെൻഷൻ | 5550530 | 554 |
| വാർദ്ധക്യകാലപെൻഷൻ | 13140820 | 1125 |
| വികലാംഗപെൻഷൻ | 2164785 | 221 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 177400 | 29 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-05-2016, 3pm ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2796/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ Personal Register പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കുന്നതായും നിശ്ചിത ഇടവേളകളിൽ മേലധികാരികൾ പരിശോധിക്കുന്നതായും കാണുന്നില്ല.

അതുപോലെ, ഗ്രാമ പഞ്ചായത്ത് വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുകകളുടെ വിശദാംശം വേഗത്തിലും കൃത്യമായും ലഭിക്കത്തക്ക വിധം ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും, സാംഖ്യ സോഫ്റ്റ് വെയറിൽ വിവരങ്ങൾ ചേർക്കുന്നതിലും കാര്യമായ പുരോഗതിയില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.05.17 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.08.2006 | 1997-98 to 2005-06 | 27.09.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 (എ) വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. - 3753/-രൂപ നഷ്ടം.

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ IIപ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി 2ഉൾപ്പെട്ട പഞ്ചായത്തുകൾ ഗ്രൂപ്പ് എ1ഓക്യുപ്പൻസി കെട്ടിടങ്ങൾക്ക് 3രൂപയും ഗ്രൂപ്പ് എ1 അല്ലാത്ത കെട്ടിടങ്ങൾക്ക് 5രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ തകഴി പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗാർഹീകാവശ്യങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കും ഒരേ പെർമിറ്റ് ഫീസ് ഈടാക്കുന്നതായി കാണുന്നു.അതായത് ഗാർഹീകാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസായ മൂന്ന് രൂപ തന്നെയാണ് വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും ഈടാക്കുന്നത്.ആയത് ചട്ടലംഘനമാണ്. 2016-17കാലയളവിൽ താഴെ പറയുന്ന വാണിജ്യാവശ്യങ്ങൾക്ക് പെർമിറ്റ് എടുത്തവരിൽ നിന്നും കുറഞ്ഞ തുകയാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | പെർമിറ്റ് എടുത്തയാളുടെ വിലാസം | കെട്ടിടത്തിന്റെ വിസ്തൃതി ($M^2$) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | അബ്ദുൾ ഹമീദ്,തകഴി | 22.16 | 67/- | 111/- | 44/- |
| 2 | ശോഭന,തെക്കേടത്തുവീട് | 39.30 | 118/- | 197/- | 79/- |
| 3 | ശാരദാമ്മ,ഗിരീഷ് ഭവനം | 146.44 | 440/- | 732/- | 292/- |
| 4 | സെക്രട്ടറി,AKPMS | 74.46 | 225/- | 372/- | 147/- |
| 5 | ശ്രീകുമാർ,പുലിക്കുട്ടിൽ | 43.15 | 130/- | 216/- | 86/- |
| 6 | ശശികല,ശശികലാലയം | 199.07 | 598/- | 995/- | 397/- |
| 7 | അസ്സിസ്റ്റന്റ് മാനേജർ,കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോപ്പറേഷൻ | 1431.00 | 4293/- | 7155/- | 2862/- |
| | ആകെ | | | | 3753/- |

മുൻകാലങ്ങളിലും കുറഞ്ഞ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പെർമിറ്റ് ഫീസ് ഈടാക്കിയതുമൂലം പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും വിധം പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇതു സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതിനാലാണ് വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുള്ളത്. കുറവ് വന്ന മുഴുവൻ തുകയും ഉടമസ്ഥർക്ക് കത്ത് നൽകി ഈടാക്കുന്നതാണെന്നും, മുൻവർഷങ്ങളിൽ ഈ ഇനത്തിൽ കുറവുണ്ടായ തുകയും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2016-17കാലയളവിൽ പഞ്ചായത്തിന് പെർമിറ്റ് ഫീസിനത്തിലുണ്ടായ നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

ബി**)** <u>കുറഞ്ഞ പെർമിറ്റ് ഫീസിടാക്കി ക്രമവത്കരണം നടത്തി</u>

പഞ്ചായത്ത് മേൽ പറഞ്ഞ കുറഞ്ഞ പെർമിറ്റ് ഫീസ് ഈടാക്കുന്നതു കൂടാതെ 2016-17കാലയളവിൽ ശ്രീ.പുരുഷോത്തമൻ വരിക്കാട്ട് എന്നയാളുടെ വാണിജ്യകെട്ടിടത്തിന്റെ കുറഞ്ഞ പെർമിറ്റ് ഫീസ് ഈടാക്കി ക്രമവത്കരണം നടത്തിയിട്ടുണ്ട്. ശ്രീ.പുരുഷോത്തമൻ വരിക്കാട്ട് എന്നയാളുടെ 118.82ചതുരശ്ര മീറ്റർ പ്ലിന്ത് വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് പെർമിറ്റ് ഫീസ് മൂന്ന് രൂപ നിരക്കിൽ 671/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.08.2014ലെ ജി.ഒ.(എം.എസ്) നം.150/2014 പ്രകാരം 2500 രൂപ അപേക്ഷ ഫീസും പെർമിറ്റ് ഫീസിന്റെ ഇരുപത് ഇരട്ടിയും ഒരു ചതുരശ്രമീറ്ററിന് നിലവിലുള്ള ഫെയർ വാല്യ നിരക്കിന്റെ 1/20നെ ഫ്ലോർ ഏരിയ കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക കോമ്പൗണ്ടിംഗ് ഫീസായി ഈടാക്കി വേണം ക്രമവത്കരണം നടത്തേണ്ടത്.

തകഴി വില്ലേജിലെ ബ്ലോക്ക് നം. 29 സർവ്വേ നമ്പർ 335/16ൽ ഉൾപ്പെട്ട 6 ആർസ് സ്ഥലത്ത് പണിത വാണിജ്യ

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 111.82ചതുരശ്ര മീറ്ററാണ്. ആയതിന്റെ പ്ലിന്ത് ഏരിയ 118.82ചതുരശ്ര മീറ്ററാണ്. ആയതനുസരിച്ച് താഴെ പറയുന്ന തുകയാണ് ഈടാക്കേണ്ടത്.

അപേക്ഷ ഫീസ് : 2500/-

പെർമിറ്റ് ഫീസ് (5x20) x118.82 : 11882/-

ഒരു ആർസ് : $100M^2$

ഒരു ആർസിന്റെ ഫെയർ വാല്യൂ : 90000/-

ഒരു ചതുരശ്ര മീറ്ററിന്റെ ഫെയർ വാല്യൂ = 90000/100 = 900രൂപ

കോമ്പൗണ്ടിംഗ് ഫീസ് : 900x1/20x111.82 = 5032/-

മേൽ സൂചിപ്പിച്ച വിധം അപേക്ഷാ ഫീസ് (2500/-) പെർമിറ്റ് ഫീസ് (11882/-) കോമ്പൗണ്ടിംഗ് ഫീസ് (5032) എന്നിവ ഉൾപ്പെടെ ആകെ (5032+11882+2500) 19414/-രൂപ ഈടാക്കി വേണമായിരുന്നു പെർമിറ്റ് ക്രമവത്കരിക്കേണ്ടത് എന്നാൽ ഇതിനുവിരുദ്ധമായി 671/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ വ്യത്യാസമായ 18743/-രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയത് ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി അപാകതകൾ

വസ്തു നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 കാലയളവിൽ 10,24,596/- രൂപ കുടിശ്ശികയും 12,98,304/- രൂപ ഡിമാന്റും ഉൾപ്പെടെ ആകെ 23,22,900/- രൂപയാണ് വസ്തുനികുതിയിനത്തിൽ പിരിക്കുവാനുണ്ടായിരുന്നത്. ആയതിൽ 17,69,885/-രൂപയാണ് പിരിച്ചിട്ടുള്ളത്. അതായത് മൊത്തം ഡിമാന്റിന്റെ 76% മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് വർഷങ്ങളായി നികുതി ഈടാക്കുന്നതായി കാണുന്നില്ല.

ഭാരതി എയർടെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടവറിന്റെ 2016-17 കാലയളവിലെ വസ്തുനികുതി (കെട്ടിട നം. 13/212 A) 6300/-രൂപ ഈടാക്കിയിട്ടില്ല. കൂടാതെ ടാറ്റ സർവ്വീസ് ലിമിറ്റഡിന്റെ മൊബൈൽ ടവറിന്റെ വസ്തുനികുതി 2013-14 മുതൽ നാളിതുവരെ പിരിച്ചതായി കാണുന്നില്ല.മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട അടിയന്തിരജോലികൾ നിർവഹിക്കേണ്ടിവന്നതിനാലാണ് പിരിവിൽ ലക്ഷ്യം കൈവരിക്കാഞ്ഞതെന്നും നികുതി കുടിശ്ശികയുള്ള മൊബൈൽ കമ്പനികളിൽ നിന്നും നികുതി പിഴ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതും മൊബൈൽ കമ്പനികളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ ഡി & ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2016-17 വർഷം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 250 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപേക്ഷ സമർപ്പിച്ച 191 പേരിൽ നിന്ന് മാത്രമാണ് ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഏകദേശം 60 സ്ഥാപനങ്ങൾ 2016-17 കാലയളവിൽ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

പഞ്ചായത്ത് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ പോലും ഡി & ഓ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും |
|---|---|---|
| 1 | സി.ഡി ഷോപ്പ് | VI/10 |

| | | |
|---|---|---|
| 2 | മ്യൂസിക്കൽ അക്കാദമി | VI/11 |
| 3 | തയ്യൽക്കട | VI/12 |
| 5 | സ്റ്റേഷനറി വ്യാപാരം | VI/14 |
| 6 | ഹോട്ടൽ | VI/26 |

കൂടാതെ തകഴി ദന്താശുപത്രി, ലൂർദ് മാത ഹോസ്പിറ്റൽ, തുടങ്ങിയ സ്ഥാപനങ്ങൾ പാരാമെഡിക്കൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. മേൽ വിഷങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വരും വർഷങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പിഴ സഹിതം ലൈസൻസ് തുക ഈടാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 <u>പടഹാര കടവ് ജങ്കാർ സർവ്വീസ് - ലേലത്തുക ഈടാക്കാതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും സർവ്വീസ് നടത്തുന്നു.</u>

തകഴി പഞ്ചായത്തിനും നെടുമുടി പഞ്ചായത്തിനും മദ്ധ്യേ പൂകൈതയാറിൽ ജങ്കാർ സർവീസ് നടത്തുന്നതിന് 10000/- രൂപയ്ക്ക് ശ്രീ. സുധീർ, പുത്തൻപറമ്പിൽ, പെരുമ്പിള്ളി, വലിയഴീക്കൽ, കായംകുളം എന്നയാൾക്ക് 2015 നവംബർ 11ന് കരാർ വച്ച് അനുമതി നൽകിയിട്ടുള്ളതാണ്. ഈ കരാറിന്റെ കാലാവധി 2016 മാർച്ച് 31ന് അവസാനിച്ചിട്ടുള്ളതാണ്. എന്നാൽ 18.9.2015ലെ 3(1) നമ്പർ തീരുമാനപ്രകാരം മൂന്ന് വർഷത്തേക്ക് കൂടി (2019 മാർച്ച് 31) കരാർ നീട്ടിനൽകാൻ തീരുമാനിച്ചു. അതായത് കരാർ വെയ്ക്കുന്നതിന് മുൻപ് തന്നെ കരാർ കാലാവധി നീട്ടിനൽകി.

ജങ്കാർ സർവീസ് നടത്തുന്നതിന് അനുയോജ്യമായ ലാൻഡിംഗ് സ്ഥലം കടവുകളിൽ ഇല്ലാത്തതിനാൽ ലൈസൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ആയത് പൂർത്തിയാക്കണമെന്നാണ് കരാറിലെ പ്രധാന വ്യവസ്ഥ. മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാത്തതിനാൽ ആളുകൾ വെള്ളത്തിൽ വീഴുവാൻ സാധ്യതയുള്ളതായി ഫയർ ഫോഴ്സ് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസി ലാൻഡിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്നും കൈവരി നിർമ്മിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

സർവ്വീസ് നടത്തുന്ന ജങ്കാറുകൾക്ക് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, തുറമുഖ വകുപ്പ് നൽകുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് (ഡി ഫോം), കനാൽ ലൈസൻസ് (എം ഫോം) എന്നിവ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഈ ജങ്കാറിന് കാരറുകാരൻ മേൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. കരാറിൽ വാർഷിക വർദ്ധനവിനെ കുറിച്ച് പ്രതിപാദിച്ചിട്ടില്ല. കൂടാതെ 2016-17 കാലയളവിലെ ലേലത്തുകയായ 10000/- രൂപ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടില്ല. മേൽ വിഷയങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലേലത്തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതുമാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 <u>കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല</u>

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2005-06 കാലയളവുമുതൽ 2013-14 വരെ 1,95,118/- രൂപ വിവിധ ഇനങ്ങളിലായി ഇ.എം.ഡി ഡെപ്പോസിറ്റുള്ളതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 283 പ്രകാരം മൂന്ന് വർഷത്തിലധികം കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ആയത് മുതൽക്കൂട്ടാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അടുത്ത ജനറൽ കമ്മറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 <u>തൊഴിൽനികുതി - അപാകതകൾ</u>

എ) ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി ഒടുക്കാതിരുന്ന കാലയളവ് |
|---|---|---|
| 1 | പോസ്റ്റോഫീസ്, ചിറയകം | രണ്ടാം അർദ്ധവർഷം |
| 2 | പോസ്റ്റോഫീസ്, കുന്നമ്മ | രണ്ടാം അർദ്ധവർഷം |
| 3 | പോസ്റ്റോഫീസ്, ചെക്കടിക്കാവ് | രണ്ടാം അർദ്ധവർഷം |
| 4 | തെന്നടി മിൽമ സഹകരണസംഘം നം. എ56 | ഒന്നാം അർദ്ധവർഷം |
| 5 | ബിവറേജസ് കോർപ്പറേഷൻ | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ടെക്നിക്കൽ അസ്സിസ്റ്റൻറ്, തകഴി ജി.പി | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഇന്ത്യൻ റയിൽവേ | ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ |

കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിലുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പിലെ ജീവനക്കാർ, പഞ്ചായത്ത് പരിധിയിലെ കള്ള് ഷാപ്പുകളിലെ ജീവനക്കാർ, റേഷൻ കടക്കാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡി & ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം തകഴിയിൽ ആയുർവ്വേദ ഡോക്ടറായി സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ശ്രീമതി. ദൃശ്യ, തകഴി ദന്താശുപത്രി എന്ന സ്ഥാപനം നടത്തുന്ന ശ്രീമതി. രമ്യ. റ്റി. എം എന്നിവരിൽ നിന്ന് തൊഴിൽ നികുതിയിനത്തിൽ 180/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും തൊഴിൽനികുതി ഒടുക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും ആയത് പിഴ സഹിതം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കാത്തതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി. സ്ഥാപനനികുതി പിരിക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|
| 1 | ക്ഷീരോദ്പാദക സഹകരണസംഘം എ.124, കുന്നമ്മ | 2500/- |
| 2 | ക്ഷീരോദ്പാദക സഹകരണസംഘം എ 145, പടഹാരം | 2500/- |
| 3 | ക്ഷീരോദ്പാദക സഹകരണസംഘം എ 56, തെന്നടി | 2500/- |
| 4 | ക്ഷീരോദ്പാദക സഹകരണസംഘം എ 186, തകഴി | 2500/- |
| 5 | ക്ഷീരോദ്പാദക സഹകരണസംഘം എ 122, കരുമാടി | 2500/- |
| 6 | ബിവറേജസ് കോർപ്പറേഷൻ തകഴി | 2500/- |
| | ആകെ | 15000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-7 <u>വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല</u>

തകഴി ഗ്രാമ പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ VI/21-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തകഴി പോസ്റ്റ് ഓഫീസ് 2015 ഓഗസ്റ്റ് മാസത്തിനുശേഷം വാടക അടച്ചതായി കാണുന്നില്ല. സ്ഥാപനം വാടക കുടിശ്ശികയിനത്തിൽ 4560/-രൂപ അടയ്ക്കാനുള്ളതായി കാണുന്നു. പോസ്റ്റ് ഓഫീസ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. എന്നുവരെയുള്ള വാടക കുടിശ്ശികയാണ് ലഭിക്കാനുള്ളതെന്നും വാടക കുടിശ്ശിക ഈടാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനത്തിൽനിന്നും വാടകകുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു

2016-17 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ 2017 മാർച്ച് മാസത്തെ 92-ാം നമ്പർ വൗച്ചർ (ചെക്ക് നം – 007728 dtd 31.03.17) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. അരുണിന് 31.03.2017 ലെ എ1/2142 ഉത്തരവ് പ്രകാരം 30 ദിവസത്തെ ആർജിതാവധി സറണ്ടറായി 20,000/- രൂപ നൽകിയിട്ടുണ്ട്. കെ.എസ്.ആർ പാർട്ട് 1, അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം 1 മുതൽ 5 വർഷം വരെയുള്ള കാലയളവിലേക്ക് ജോലി ചെയ്യുന്ന, കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. ഒരു വർഷം 15 ആർജിതാവധിക്ക് അർഹതയുള്ള ജീവനക്കാരന് 30 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപകാരമല്ല. അധികം നൽകിയ 10,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ദീർഘനാളായി ഇടപാടില്ലാതിരുന്നതിനാൽ ജീവധാര അക്കൗണ്ടിലെ തുക നഷ്ടമായി

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ പഞ്ചായത്തിന് ഫെഡറൽ ബാങ്ക് തകഴി ശാഖയിലുള്ള 'ജീവധാര' പദ്ധതിയുടെ 10740200000825-ാം നമ്പർ അക്കൗണ്ടിൽ 31.03.2016ൽ നീക്കിയിരിപ്പുണ്ടായിരുന്ന 1,12,384/- രൂപ 29.08.2016 ൽ RBI അക്കൗണ്ടിലേക്ക് മാറ്റിയതായി കാണിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. അതു പ്രകാരം 31.03.2017 ൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് പൂജ്യമാണ്. എന്നാൽ പഞ്ചായത്ത് വാർഷിക ധനകാര്യപത്രികയിൽ 31.03.2017 ൽ 1,12,384/- രൂപ നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്. ദീർഘനാളായി ഇടപാടില്ലാതിരുന്നതിനാൽ റിസർവ്വ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയതിനാലാണ് പഞ്ചായത്ത് അക്കൗണ്ടിലുണ്ടായിരുന്ന പണം നഷ്ടപ്പെടുവാനിടയായതെന്നും തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും തുക തിരികെ ലഭ്യമാക്കി ജീവധാര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തുക ചെലവഴിക്കുവാനും സാധിക്കാത്ത പക്ഷം തിരികെ സർക്കാരിലേക്ക് നൽകുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 തനത് ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ തനത് ഫണ്ട് ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2016 ജൂലൈ മാസത്തെ 14-ാം നമ്പർ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിനാല് വാർഡുകളിലെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി 01.07.2016 ലെ 690381മുതൽ 690394 വരെയുള്ള ചെക്കുകൾ പ്രകാരം വാർഡിന് 10,000/- രൂപ ക്രമത്തിൽ ആകെ 140,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരം 5-ാം വാർഡിൽ അനുവദിച്ച 10,000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
2. 2016-17 ലെ സ്കൂൾ പ്രവേശനത്തോടനുബന്ധിച്ച് കുട്ടികൾക്ക് സ്റ്റിക്കർ നൽകിയതിനായി 26.05.2016 ലെ 4416-ാം നമ്പർ ചെക്ക് പ്രകാരം 4000/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് സ്റ്റിക്കർ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് തൃപ്തികരമായി വിശദീകരിക്കാത്ത സാഹചര്യത്തിൽ ഈ ആവശ്യത്തിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.
3. 2016-17 ലെ കേരളോൽസവത്തോടനുബന്ധിച്ച് സ്പോർട്സ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിനായി 11.11.2016 ലെ 5641-ാം നമ്പർ ചെക്ക് പ്രകാരം 7095/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സ്പോർട്സ്, അനുബന്ധ ഉപകരണങ്ങൾ പഞ്ചായത്ത് സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ ആർക്കെങ്കിലും നൽകുകയോ ചെയ്തതിന്റെ വിവരങ്ങളില്ല. ഇവ ഭൗതിക പരിശോധനയിലും കണ്ടെത്താനായില്ല. ഓരോ വർഷവും കേരളോൽസവത്തോടനുബന്ധിച്ച് വാങ്ങുന്ന സ്പോർട്സ്, അനുബന്ധ ഉപകരണങ്ങൾ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. 2016-17 ലെ കുട്ടനാട്ടിലെ പക്ഷിപ്പനിയോടനുബന്ധിച്ച് താറാവുകളെ സംസ്കരിക്കുന്നതിനും അനുബന്ധ

കാര്യങ്ങൾക്കുമായി തനത് ഫണ്ടിൽ നിന്നും വലിയ തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ അനുബന്ധ വൗച്ചറുകൾ പലതും ഉണ്ടുകടലാസുകളിൽ, വേണ്ടത്ര വിവരങ്ങളില്ലാതെ തയ്യാറാക്കിയവയാണ്. ഭൂരിഭാഗം വൗച്ചറുകളും നിയമാനുസൃതമായ സാക്ഷ്യപ്പെടുത്തലുകളില്ലാത്തതിനാൽ ആധികാരികതയില്ലാത്തതുമാണ്. ചെലവുകൾ സുതാര്യമായും നിയമപരമായും നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പത്താംതരം തുല്യത പരിപാടി - അപാകതകൾ

പ്രോജക്ട് നം. – S 0056/16-17

പ്രോജക്ടിന്റെ പേര് – പത്താംതരം തുല്യതാ പരിപാടി

അടങ്കൽ – 80000/- (തനത് ഫണ്ട്)

ചെലവ് – 48300/-

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി 2016-17ൽ നടപ്പിലാക്കിയ പത്താംതരം തുല്യത പരിപാടിയ്ക്ക് വേണ്ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 23 പഠിതാക്കൾക്ക് 2100/- രൂപ വെച്ച് 48,300/- രൂപയുടെ ഡി.ഡി (നം. 049394/30.9.2016, ആക്സിസ് ബാങ്ക് ആലപ്പുഴ) സംസ്ഥാന സാക്ഷരത മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 23 പേർക്ക് വേണ്ടി പണം അടച്ച് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും 12 പേർ മാത്രമാണ് പരീക്ഷ എഴുതിയിട്ടുള്ളത്. ബാക്കി പതിനൊന്ന് പേർ പഠനം പൂർത്തിയാക്കിയിട്ടില്ല. 11പേർ പരീക്ഷയിൽ പങ്കെടുക്കാത്തതുമൂലം 23100/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നഷ്ടമായിട്ടുണ്ട്. തകഴി പോലുള്ള തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ തനത് ഫണ്ടിൽ നിന്ന് ഇത്തരം പദ്ധതികൾക്ക് തുക വകയിരുത്തുമ്പോൾ പദ്ധതിയുടെ വിജയം കൂടി കണക്കിലെടുക്കേണ്ടതാണ്. മൂന്ന് സാക്ഷരത പ്രേരക് മാർ ജോലി ചെയ്യുന്ന പഞ്ചായത്തിൽ ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്ത് പരിധിയിൽ എത്ര നിരക്ഷരരുണ്ടെന്നോ ആയതിൽ എത്ര പേർ വിവിധ തുല്യത പരിപാടിയിലൂടെ നേട്ടം കൈവരിച്ചുവെന്നതിനോ പ്രേരക് മാരുടെ കൈയിൽ രേഖകളില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കോഴ്സ് പൂർത്തിയാക്കാത്ത 11 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക 23100/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് വാങ്ങൽ - അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

2016-17സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) തകഴി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ (പ്രോജക്ട് നം- എസ് 014/17) ഭാഗമായി മരുന്നുവാങ്ങുന്നതിലേക്കായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം അഡ്വാൻസ് തുക വിവിധ സ്ഥാപനങ്ങൾക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള മരുന്ന് നാളിതുവരെ ലഭ്യമാക്കുകയോ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈപ്പററിയതിന്റെ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | തുക | വൗച്ചർ നം | ബിൽ നം. & തിയതി |
|---|---|---|---|---|
| 01 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 28,000 | 70 &71 | ബ്ലോക്ക് വിഹിതം Rs.103898/-ch-8669374 dt 29.03.17 |
| 02 | ഔഷധി, തൃശ്ശൂർ | 20,000 | | 03/16-17 Rs.63,352 dtd21.03.17 |
| 03 | ഹോംകോ, ആലപ്പുഴ | 5000 | 69/16-17 | ബ്ലോക്ക് വിഹിതം Rs.103898/-ch-8669374 dt 29.03.17 |
| | ആകെ | 53,000/- | | |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് നിരാകരിക്കുന്നു.

## 3-6 സർവ്വ ശിക്ഷാ അഭിയാൻ വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റിന്റെ നം. – S0026/17

പ്രോജക്റ്റിന്റെ പേര് – എസ്.എസ്. എ വിഹിതം അടവാക്കൽ

അടങ്കൽ തുക – 5,00,000/-

ചെലവഴിച്ച തുക – 5,00,000/-

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ മേൽ പറഞ്ഞ പദ്ധതിയ്ക്കുവേണ്ടി 30.9.2016 ലെ ഡി.ഡി.നം. 488130 പ്രകാരം അഞ്ച് ലക്ഷം രൂപ സർവ്വ ശിക്ഷാ അഭിയാന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ അടച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-7 <u>ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകൾ- ടാർ വില യഥാർത്ഥ വിലയിൽ ക്രമപ്പെടുത്തിയില്ല.</u>

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ടാറിംഗ് പ്രവർത്തി പരിശോധിച്ചതിൽ, മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത് ഡി.എസ്.ആർ പ്രകാരമുള്ള നിരക്കിലാണ്. എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം ടാർ വില വളരെ കുറവാണെന്നിരിക്കെ, യഥാർത്ഥ വിലയിൽ ക്രമപ്പെടുത്തി, ടാർ വില കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

*<u>ഗവൺമെന്റ് ആശുപത്രി - അംബാട്ട് റോഡ് ടാറിംഗ് - വാർഡ് 3</u>*

പ്രോജക്റ്റ് - 67/16
കൺവീനർ - ശ്രീ.രവീന്ദ്രനാഥ കുറുപ്പ്, ശ്രീഭവൻ
ചെയർമാൻ - ശ്രീ. മോഹൻദാസ്, പുത്തൻവീട്
അളവ് പുസ്തകം - 62/15-16

ഈ വേലയുടെ അളവ് പുസ്തക പ്രകാരം 8, 9, 10 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ 390$m^2$ ടാർ ചെയ്തതിന് 3.17kg/$m^2$ നിരക്കിൽ ആകെ 1236kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം കൺവേയൻസ് ഉൾപ്പെടെ കിലോഗ്രാമിന് 50.706 രൂപയും കോസ്റ്റ് ഇൻഡക്സ് 1.4571പ്രകാരം 73.88/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം (SIDCO യുടെ 22.9.16ലെ ബിൽ 16879) ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 32/- രൂപ മാത്രമേ വിലയാകുന്നുള്ളൂ. ഡി.എസ്.ആർ. 2014 പ്രകാരമുള്ള ബിറ്റുമിൻ കൺവേയൻസ് (106.49 ടൺ), 0.10649/കിലോ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് 1.4571 ഉൾപ്പെടെ 155.16 ടൺ അനുവദിച്ചാൽ കൺവീനർക്ക് നൽകാവുന്ന പരമാവധി നിരക്ക് 32.155 കി. ഗ്രാം ആണ്. ഇതു പ്രകാരം ടാർ ഉൾപ്പെടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ (73.88- 32.55), 41.725/kg x 1236kg = 51572/- രൂപ അധികം നൽകിയിട്ടുണ്ട്. നികുതിയുൾപ്പെടെ വേലയുടെ ആകെ മൂല്യം 496454/- രൂപയാണ്. എന്നാൽ ഫൈനൽ ബിൽ തുകയിൽ നിന്നും 480000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുകയായ 16454/- രൂപ നാളിതുവരെ കൺവീനർക്ക് നൽകിയിട്ടില്ലാത്തതിനാൽ ആകെ അധികചെലവിൽനിന്നും നാളിതുവരെ ചെലവഴിക്കാത്ത 16454/- രൂപ കുറവ് ചെയ്ത് 35118/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിക്കായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം സിഡ്കോയിൽ നിന്നും 8 ബാരൽ ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. ആയതിന് ഷെഡ്യൂൾ പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും എംപ്റ്റി ബാരലിന്റെ വില (ബാരലിന് 250 രൂപ നിരക്കിൽ) കുറവ് ചെയ്തിട്ടില്ലാത്തതിനാൽ, ഈയിനത്തിൽ നഷ്ടമായ, (250 x 8 ), 2000/- രൂപയും ഉൾപ്പെടെ ആകെ 37118/- രൂപ കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആകെ മൂല്യം – 4,96,454/-
ബിൽ നമ്പർ – 9/16-17/29.12.16 - 2,80,000/-
ബിൽ നമ്പർ – 20/15-16/18.2.16 - 2,00,000/-

## 3-8 <u>ഉയർന്ന നിരക്കിൽ ഓവർ ഹെഡ് ചാർജ്ജ് അനുവദിച്ചതുമൂലം അധിക ചെലവ്.</u>

പ്രോജക്ട് - 32/17
കരാറുകാരൻ - കെ. കൃഷ്ണൻകുട്ടി
അളവ് പുസ്തകം - 106/16-17

ചിറയിൽ കടവ് മുതൽ മുട്ടുചിറ കോളനി വരെ റോഡ് കോൺക്രീറ്റിംഗ് എന്ന വേലയുടെ ഫയൽ പരിശോധിച്ചതിൽ, ഈ വേലയ്ക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രൈസ് സോഫ്റ്റ് വെയർ അനുസരിച്ച് സാധാരണ റോഡ് പ്രവർത്തികൾക്ക് 5% ഓവർഹെഡ് ചാർജ്ജാണ് നൽകേണ്ടത്. എന്നാൽ ഇതിനു പകരം 10% ഓവർഹെഡ് ചാർജ്ജ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഐറ്റം റേറ്റിൽ ടെണ്ടർ ക്ഷണിച്ചതിനാൽ കറാറുകാരൻ ഈ ഉയർന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓവർഹെഡ് ചാർജ്ജ് 5% കുറവ് ചെയ്യുകയോ ആകെ മൂല്യത്തിൽ നിന്നും അധിക നിരക്ക് കണക്കാക്കി കുറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നത് മൂലം അധികചെലവുണ്ടായിട്ടുണ്ട്. ആകെ മൂല്യം 4,50,452/- രൂപ. ഈ തുക CPOH 20% ഉൾപ്പെടുന്നതാണ്. CPOH ഇല്ലാതെ വേലയുടെ മൂല്യം 375377/- രൂപ ഇതിനോടൊപ്പം അനുവദനീയമായ CPOH 15% കൂട്ടി ഉൾപ്പെടുത്തിയാൽ കരാറുകാരന് അനുവദിക്കാവുന്ന തുക 431682/- രൂപ അനുവദിച്ചത് 450452/- രൂപ. അധികം 18770/- രൂപ (450452 – 431682) കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബിൽ നമ്പർ- 19/16-17/31.3.17 - 4,50,452/-

## 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്തവരിൽ നിന്നും മൂല്യ വർദ്ധിത നികുതി ഈടാക്കിയില്ല.

തകഴി ഗ്രാമ പഞ്ചായത്തിൽ 2016-17ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തവരിൽ നിന്നും മൂല്യ വർദ്ധിത നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആകെ ബിൽ തുക | ബിൽ നമ്പർ, തിയതി | മെറ്റീരിയൽ വാങ്ങിയതിന്റെ ചെലവ് | ഈടാക്കേണ്ട മൂല്യവർദ്ധിത നികുതി | സപ്ലയറുടെ പേര് |
|---|---|---|---|---|---|---|
| 1 | 10 വണ്ടകപ്പുറം പാടശേഖരം - പുറം ബണ്ട് സംരക്ഷണം | 351224 | 93580-1,2/ 17.5.16 | 247362 | 9895 | കൃഷ്ണൻകുട്ടി കളപ്പുരക്കൽ |
| 2 | ബണ്ട് സംരക്ഷണം കാട്ടാത്തറ പാടശേഖരം റീച്ച് 1 | 222344 | 93589/ 17.5.16 | 98975 | 3959 | ജോസ്.പി.മാത്യൂ. |
| 3 | ബണ്ട് സംരക്ഷണം കാട്ടാത്തറ പാടശേഖരം റീച്ച് 2 | 185321 | 93630/ 17.5.16 | 81972 | 3279 | ജോസ്.പി.മാത്യൂ. |
| 4 | തകഴി പാടശേഖരത്തിന്റെ പുറം ബണ്ട് സംരക്ഷണം | 320217 | 93839-1,2/ 17.5.16 | 230599 | 9224 | കൃഷ്ണൻകുട്ടി കളപ്പുരക്കൽ |
| 5 | പൗവ്വത്തറ മുതൽ അരുൺ നിവാസ് പരെ നടപ്പാത നിർമ്മാണം | 463894 | 38791-1,2/ 17.5.16 | 353190 | 14128 | കൃഷ്ണൻകുട്ടി കളപ്പുരക്കൽ |
| 6 | നാരായണ മന്ദിരം മുതൽ വളംതിട്ട കോളനി വരെ റോഡ് നിർമ്മാണം | 288458 | 38931-1,2/ 17.5.16 | 222471 | 8899 | വേണക്കുട്ടൻ നായർ വിമൽ സദനം |
| 7 | ആനന്ദ സദനം മുതൽ ചെറുവേലി വരെ നടപ്പാത നിർമ്മാണം | 379735 | 38945, 38945-1/ 17.5.16 | 249244 | 9970 | കൃഷ്ണൻകുട്ടി കളപ്പുരക്കൽ |
| | ആകെ | 2211193 | | 1483813 | 59354 | |

മൂല്യ വർദ്ധിത നികുതിയിനത്തിൽ മേൽ സൂചിപ്പിച്ചവിധം നികുതി 59354രൂപ കണക്കാക്കിയെങ്കിലും ആയത് ബില്ലിൽ നിന്നും കുറവ് ചെയ്യാതെ ഇ.എഫ്.എം.എസ് ട്രാൻസാക്ഷൻ വഴി സപ്ലയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റാവുകയാണുണ്ടായിട്ടുള്ളത്. ഈ തുക ബന്ധപ്പെട്ട സപ്ലയറിൽ നിന്നും ഈടാക്കുകയോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

2016-17സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക | ചെലവിന്റെ വിശദാംശം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 10/2017 | വാട്ടർ അതോറിറ്റിക്ക് തുക നൽകൽ | 690000 | ട്രഷറി ബിൽ നം.6/16-17 തീയതി.29.9.16 | തുക കൈപ്പറ്റിയ രസീതില്ല. |
| 2 | 120/2017 | വാട്ടർ അതോറിറ്റിക്ക് തുക നൽകൽ | 442736 | ട്രഷറി ബിൽ നം. 19/16-17തീയതി.28.2.17 | തുക കൈപ്പറ്റിയ രസീതില്ല. |
| 3 | 12/2017 | ഐ.കെ.എം.ന് തുക നൽകൽ | 88046 | ട്രഷറി ബിൽ നം. 7/16-17തീയതി.29.916 | തുക കൈപ്പറ്റിയ രസീതില്ല. |
| 4 | 16/2017 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം | 200000 | ട്രഷറി ബിൽ നം. 8/16-17തീയതി.29.916 | വിനിയോഗ വിവരം ലഭ്യമല്ല |
| 5 | 59/2017 | സർക്കാരിലേക്ക് തിരിച്ചടക്കുന്ന തുക | 48183 | ട്രഷറി ബിൽ നം. 18/16-17തീയതി.28.2.17 | ട്രഷറി ചെലാൻ ഹാജരാക്കിയിട്ടില്ല |
| | | ആകെ | 1468965 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

താഴെപ്പറയുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം. /പേര് | അടങ്കൽ | ചെലവ് തുക | ബിൽ നം | വാങ്ങിയ മരുന്നിന്റെ മൂല്യം | ബാക്കി |
|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നം. 42, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 500000 | 500000 | 1/16-17, തീയതി. 16.11.16, ഔഷധിക്ക് നൽകിയത് | 471297 | 28703 |
| 2 | പ്രോജക്റ്റ് നം. 43, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 200000 | 200000 | 1/16-17, തീയതി. 28.9.16 ഹോംകോയ്ക്ക് നൽകിയത് | 89014 | 110986 |

ആകെ 139689/- രൂപയുടെ മരുന്നുകൾ ലഭിക്കാനുള്ളത് അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് . ചെലവ് തുക നിരാകരിക്കുന്നു.

## 3-12 പാൽ അളവിന് സബ്സിഡി- പൂർണ്ണവിവരങ്ങളില്ല

പ്രോജക്ട് നം. – 05/2017

ചെക്ക് നം. – 8669375 29/3/17 Rs 300000/-

ബിൽ നം. – 01/16-17 തി-27/03/17 Rs.500000

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് പാൽ അളവിന് സബ്സിഡി എന്ന പ്രോജക്ടിന് വേണ്ടി തൻവർഷം 800000/- രൂപ (വികസന ഫണ്ട് 500000/- രൂപ, ജില്ലാ പഞ്ചായത്ത് ഫണ്ട് 300000/- രൂപ) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് 300000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ അക്കൗണ്ടിലേക്ക് 30.3.2017 ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് NEFT മുഖാന്തിരം 6.5.17മുതലാണ് സബ്സിഡി മാറ്റി തുടങ്ങിയിരിക്കുന്നത് 25.5.17 ൽ പോലും 1616/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. NEFT മുഖാന്തിരം തുക മാറ്റുന്നതിനുള്ള കാലതാമസവും, തുക ചെലവഴിക്കാതെ നിൽക്കുന്ന സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

2016-17 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോപ്പർട്ടി ടാക്സ് ഡി.സി.ബി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. ലേല നിക്ഷേപമിനത്തിൽ വരവ് വന്ന 5650/- രൂപ അഡ്വാൻസ് കളക്ഷൻ ഇനത്തിൽ ഷെഡ്യൂൾ ആർ.പി 36 ൽ ഉൾപ്പെടുത്തുന്നതിന് പകരം ആർ.പി 34ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
3. ജീവധാര അക്കൗണ്ടിൽ (1074020000825) 31.3.2017ൽ 112384/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്കിൽ ഈ തിയതിയിൽ നീക്കിയിരിപ്പില്ല. വാർഷിക ധനകാര്യ പത്രികയിൽ ആർ.പി.40bയിൽ 112384/- രൂപ നീക്കിയിരിപ്പ് ഉള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

### 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 2016-17 | 300000 | പാൽ സബ്സിഡി | 300000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 2016-17 | 90000 | സ്കോളർഷിപ്പ് | 90000 | 0 |
| ബ്ലോക്ക് വിഹിതം | 2016-17 | 90000 | സ്കോളർഷിപ്പ് | 90000 | 0 |
| ബ്ലോക്ക് വിഹിതം | 2016-17 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് വിഹിതം | 2016-17 | 250000 | പാലിയേറ്റീവ് കെയർ | 250000 | 0 |

### 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | 869/2010, തീയതി.15.3.10 | 9634500 | 2939842 | 2312299 | | 627543 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-26 | | 7 | ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | അക്കൗണ്ട്സ് കമ്മറ്റിക്ക് മറുപടി നല്കി |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38837880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33967529 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 47496 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 258577 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2006065 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1(a) | 3753 | | ശ്രീ.എസ്.ശ്രീകുമാർ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 2-1(b) | 18743 | | |
| 2-4 | 10000 | | ശ്രീ.എസ്.ശ്രീകുമാർ,,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 2-6 | 15000 | | ശ്രീ.എസ്.ശ്രീകുമാർ,,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-1 | | 10000 | ശ്രീ.എസ്.ശ്രീകുമാർ,,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-5 | | 53000 | ഡോ. സൌമ്യ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | | 37118 | റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 18770 | റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 787 | റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 28703 | ഡോ. ഗോഡ് വിൻ സെൽവൻ. എസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | | 110986 | ഡോ. ഗോപകുമാർ. ജി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 47496 | 258577 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 (1) | 10000 | ശ്രീ.എസ്.ശ്രീകുമാർ, സെക്രട്ടറി |
| 3-3- (2) | 4000 | |
| 3-4 | 23100 | ശ്രീമതി. എസ്. ബി. രാജം, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് |
| 3-6 | 500000 | ശ്രീമതി.എസ്.ബി രാജം, ഹെഡ്മിസ്ട്രസ് |
| 3-11 | 1468965 | ശ്രീ. എസ്. ശ്രീകുമാർ, സെക്രട്ടറി |
| ആകെ | 2006065 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-9 | 59354 | ശ്രീ. എസ്. ശ്രീകുമാർ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റെനി സെബാസ്റ്റ്യൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തകഴി ഗ്രാമ പഞ്ചായത്ത് | K G കടവുങ്കൽ,<br>അർത്തുങ്കൽ. പി. ഒ, ചേർത്തല. |
| ശ്രീ.എസ്.ശ്രീകുമാർ | സെക്രട്ടറി,<br>തകഴി ഗ്രാമപഞ്ചായത്ത് | ശ്രീജ്യോതി, പിലാപ്പുഴ,<br>ഹരിപ്പാട് |
| ഡോ. സൗമ്യ ജോസഫ് | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി തകഴി | ചൂട്ടുപറമ്പിൽതയ്യിൽ,<br>കരുവാറ്റ വടക്ക്. പി.ഒ |
| ശ്രീമതി. എസ്. ബി. രാജം | വിരമിച്ചു | അപ്പക്കൽ ഹൗസ്,<br>നീർക്കുന്നം, റ്റി.ഡി.എം.സി. പി.ഒ |
| ഡോ. ഗോഡ് വിൻ സെൽവൻ. എസ് | മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം, തകഴി | റെയിൻബോ,<br>സി.എസ്.ഐ. ചർച്ചിന് സമീപം,<br>കൊച്ചാമാമം,<br>പരശ്ശുവായ്ക്കൽ. പി. ഒ പാറശ്ശാല |
| ഡോ. ഗോപകുമാർ | മെഡിക്കൽ ഓഫീസർ,<br>ജി. എച്ച്. ഡി, പന്തളം,<br>പത്തനംതിട്ട | കൃഷ്ണകൃപ,<br>ആലിശ്ശേരി വാർഡ്, ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി. 21.3.12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ 51577/13, തീയതി.16.5.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി. 7.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി. 15.01.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി.1-658/16, തീയതി. 4.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി.1-1483/16, തീയതി. 06.01.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്..

ഡെപ്യൂട്ടി ഡയറക്ടർ

# 5

## അനുബന്ധം

നം.കെ.എസ്.എ-എ.എൽ.പി-പി1-614/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

തിയതി – 16.06.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തകഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P1-614/17

Kerala State Audit Department,
District Audit Office, Alappuzha.

Date: 16.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thakazhy Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thakazhy Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.

Deputy Director

Kerala State Audit Department

Alappuzha